# Kerala State Coir Corporation LTD,

**(Government of Kerala undertaking)**
**PB No. 191, Vazhicherry Ward, Alappuzha – 688001**
**Ph: 0477-2240107, 2240122 Fax: 0477-2243112**
**E-mail:ksccppss@gmail.com,ksccprojects@gmail.com**
**Web: www.coircraft.com**

**KSCC/QUO/2025-26/01** **13.2.2026**

അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ പടിഞ്ഞാറു വില്ലേജിൽ വഴിച്ചേരി വാർഡിൽ സൗത്ത് പോലീസ് സ്റ്റേഷന് വടക്കേ കരയിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ കണിച്ചുകുളങ്ങര ഡിവിഷനിലെ ഗോഡൗണിൽ നിർദ്ദിഷ്ട സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്ന പഴകിയ കയർ മാറ്റുകൾ, നിലവിലുള്ള അവസ്ഥയിൽ സ്വകയർ ഷീറ്റ് നിരക്കിൽ വിലയൊടുക്കി കൊണ്ടുപോകുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

**ദർഘാസ് വ്യവസ്ഥകൾ**

1. ദർഘാസുകളോടൊപ്പം നിരതദ്രവ്യമായി കമ്പനി ഓഫീസിൽ അടച്ച 5,000/- രൂപയുടെ ക്യാഷ് രസീത് ഉൾപ്പടെ സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

2. ദർഘാസ് ഫോറങ്ങൾ കയർ കോർപ്പറേഷന്റെ ആലപ്പുഴയിലെ ഓഫീസിൽ നിന്നും, പ്രവൃത്തി സമയങ്ങളിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പി സഹിതം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്.

3. കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിൽ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും, തൊഴിൽ തർക്കങ്ങൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ തീർക്കേണ്ടതുമാണ്.

4. കരാറുകാരനോ, തൊഴിലാളികളോ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ യാതൊരു വസ്തുവകകൾക്കും ഒരു തരത്തിലുമുള്ള കേടുപാടുകൾ വരുത്തുവാൻ പാടുള്ളതല്ല.

5. ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തികൾ ദർഘാസുകൾ സമർപ്പിക്കുന്നതിനു മുൻപ് ഓഫീസുമായി ബന്ധപ്പെട്ട് സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം സന്ദർശിച്ച് ഉൽപ്പന്നങ്ങൾ ബോദ്ധ്യപ്പെടേണ്ടതാണ്.

6. ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ, എല്ലാ വ്യവസ്ഥകളും അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമാണ്.

7. കരാർ ഉറപ്പിച്ച ആളിന്റേതൊഴികെ നിരതദ്രവ്യം 5,000/- രൂപ (അയ്യായിരം രൂപ മാത്രം) ദർഘാസ് ഉറപ്പിച്ച് വർക്ക് ഓർഡർ നൽകിയതിനുശേഷം പലിശ കൂടാതെ തിരികെ നൽകുന്നതാണ്.

8. ദർഘാസ് സമർപ്പിച്ചതിനുശേഷം ദർഘാസിൽനിന്നും പിൻമാറുന്നവരുടെയും നിരതദ്രവ്യം കണ്ടുകെട്ടുന്നതും ശിക്ഷണനടപടികൾ സ്വീകരിക്കുന്നതുമാണ്.

9. ദർഘാസിൽ പങ്കെടുക്കുന്നവർ സമർപ്പിക്കുന്ന ദർഘാസിനൊപ്പം ക്യാഷ് രസീതിന്റെ ഒർജിനൽ സമർപ്പിക്കേണ്ടതും പകർപ്പ് കൈയ്യിൽ സൂക്ഷിക്കേണ്ടതുമാണ്.

10. മേൽപറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്നപക്ഷം ഈ ദർഘാസുകൾ ഏതു സമയത്തും കാൻസൽ ചെയ്യാനും നിരതദ്രവ്യം ദർഘാസ് തുക എന്നിവ **forfeit** ചെയ്യാനും, റീ ടെൻഡർ നടത്തുന്നതിനും, റവന്യൂ റിക്കവറി, നിയമനടപടികൾ എന്നിവ നടത്തുന്നതിനും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കും.

11. നിയമപരമായ എല്ലാ നടപടികളും ആലപ്പുഴ കോടതിയുടെ അധികാര പരിധിയിലായിരിക്കും.

12. ദർഘാസുകൾ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴയിൽ താഴെപ്പറയുന്ന സമയത്ത് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്

13. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലം - ദർഘാസ് തുക അന്നേ ദിവസം തന്നെ കമ്പനി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ദർഘാസ് അംഗീകാരം ലഭിച്ച് നിശ്ചിത ദിവസത്തിനകം പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മുഴുവൻ സാധനങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ ലോഡ് ചെയ്ത് കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും കൊണ്ടുപോകേണ്ടതാണ്. നിശ്ചിത ദിവസത്തിനകം മുഴുവൻ ഉൽപ്പന്നങ്ങളും കോർപ്പറേഷനിൽ നിന്നും നീക്കം ചെയ്യാത്ത പക്ഷം, കരാറുകാരന്റെ നിരതദ്രവ്യം, ലേലം ഉറപ്പിച്ചതിനുശേഷം അടച്ച തുകയും കയർ കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതാണ്.

ദർഘാസ് ലഭിക്കേണ്ട അവസാന ദിവസവും സമയവും : 23.2.2026 വൈകു. 2.30 മണിവരെ

ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും : 23.02.2026 വൈകു. 3.30 മണി,

കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഹെഡ് ഓഫീസ്.

For and on behalf of:-
KERALA STATE COIR CORPORATION LTD.

General Manager

ജനറൽ മാനേജർ

കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ

ആലപ്പുഴ

കോൺട്രാക്ടർ